## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1081 — 21.03.2013 - ൽ മറുപടിക്ക്

### ബഡ്സ് സ്കൂളുകളിൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എ.ബേബി | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) എൻഡോസൽഫാൻ ബാധിതർക്കായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ബഡ്സ് സ്കൂളുകളിലെ നിലവിലെ അദ്ധ്യാപക - വിദ്യാർത്ഥി അനുപാതം എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) ബഡ്സ് സ്കൂളുകൾ ആരംഭിച്ചിരിക്കുന്നത് ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകളാണ്. നിലവിലെ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:10 ആണ്. |
| (ബി) വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി അദ്ധ്യാപകരുടെ എണ്ണത്തിൽ കുറവുണ്ടെങ്കിൽ ആവശ്യമായ അദ്ധ്യാപകരെ നിയമിക്കുമോ; | (ബി) ബഡ്സ് സ്കൂളുകളിൽ ആവശ്യാനുസരണം അദ്ധ്യാപകരേയും ജീവനക്കാരേയും നിയമിക്കേണ്ടത് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളാണ്. |
| (സി) ഇത്തരം സ്കൂളുകൾ വിജയമാണെന്നു കണ്ടതിന്റെ അടിസ്ഥാനത്തിൽ ഉണ്ടായ വിദ്യാർത്ഥികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവനുസരിച്ച് അദ്ധ്യാപകരുടെ ജോലി ഭാരം കൂടിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) ഇത്തരം സ്കൂളുകളിലെ അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്ന കാര്യം പരിഗണിക്കുമോ? | (ഡി) ഇത്തരം സ്കൂളുകളിലെ അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ നിശ്ചയിച്ച് സർക്കാർ ഉത്തരവിറക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ